## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2187** **13.06.2019 - ൽ മറുപടിക്ക്.**

## റേഷൻ അരിയുടെ ഗുണമേൻമ

ചോദ്യം

**ശ്രീ.കെ. ബാബു :**

(എ) റേഷൻ കടകളിൽ നിന്നും വിതരണം ചെയ്യുന്ന അരിയുടെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വിശദമാക്കുമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (എഫ്.സി.ഐ)-യിൽ നിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ ക്വാളിറ്റി കൺട്രോളർ ഉറപ്പ് വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേക്കും അവിടെനിന്നും റേഷൻ കടകളിലേക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉള്ള ഭക്ഷ്യ ധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.കളും ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ജൂനിയർ മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണിൽ വച്ച് അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.

ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സി.എം.ആർ. അരി മില്ലുകളിൽ വച്ച് പാഡി മാർക്കറ്റിംഗ് ആഫീസറും റേഷനിംഗ് ഇൻസ്പെക്ടറും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ജൂനിയർ മാനേജരും ചേർന്ന് പരിശോധന നടത്തുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും FIFO (First in First Out method) കർശനമായി പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| **(ബി)** ഗുണമേന്മയില്ലാത്ത അരി വിതരണം ചെയ്യതായി എന്തെങ്കിലും പരാതി റിപ്പോർട്ട് ചെയ്യിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | **(ബി)** ഗുണമേൻമയില്ലാത്ത അരി വിതരണം ചെയ്യതായി ഏതാനും ജില്ലകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ടി കേസുകളിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് അത്തരം ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ഗോഡൗണിലേയ്ക്ക് മാറ്റി പകരം ഭക്ഷ്യയോഗ്യമായവ വിതരണം ചെയ്യിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**